**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **3444** **12.05.2017-** ലെ മറുപടിക്ക്

**<u>പട്ടികജാതിക്കാരായ ഭവന- ഭൂരഹിതരുടെ പുനരധിവാസം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.സി. കെ. ശശീന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരായ ഭവനരഹിതരുടെയും ഭൂരഹിതരുടെയും പുനരധിവാസത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപ അനുവദിച്ചു നൽകുന്നുണ്ട്. 2016-17 വർഷം 14946 വീടുകൾ പുതുതായി അനുവദിക്കുകയും ആയതിൽ 967 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2007-08 മുതൽ അനുവദിച്ചതിൽ പണി പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 4567 വീടുകൾ 2016-17 വർഷം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 2,32,35,94,800/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമ പ്രദേശങ്ങളിൽ 5 സെന്റിന് 3,75,000/- രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റിന് 4,50,000/- രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റിന് 6 ലക്ഷം രൂപയും ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നൽകുന്നുണ്ട്. ഇതിനായി 2016-17 വർഷം 17497 ലക്ഷം രൂപ വകയിരുത്തുകയും 4465 |

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾക്ക് ഭൂമി നൽകുകയും ചെയ്തിട്ടുണ്ട്.<br>പട്ടികജാതിയിൽപെട്ട ദുർബല വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിന് ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം 7.25 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചു നൽകുന്നുണ്ട്. ഇതിനായി 2016-17 വർഷം 501.20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് പണി മുടങ്ങി കിടന്ന എത്ര വീടുകൾ ഉണ്ടെന്ന് പരിശോധിച്ചിരുന്നോ; ഇവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | (ബി) | പരിശോധിച്ചിരുന്നു. 2007-08 മുതൽ അനുവദിച്ച വീടുകളിൽ പണിപൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 4567 വീടുകൾ 2016-17 വർഷം പൂർത്തീകരിച്ചിട്ടുണ്ട്. പണി പൂർത്തിയാകുന്ന മുറയ്ക്ക് നിശ്ചിത ഗഡു തുക പുതുക്കിയ തുകയ്ക്ക് ആനുപാതികമായ നിരക്കിൽ അനുവദിച്ചു നൽകുന്നുണ്ട്. |
| (സി) | എത്ര ഭൂരഹിത കുടുംബങ്ങൾക്ക് വീട് വെക്കാനുള്ള സ്ഥലം നൽകാൻ സാധിച്ചുവെന്ന് അറിയിക്കാമോ? | (സി) | 2016-17 വർഷം ഭൂരഹിതരായ 4465 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ